**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശ "2216-80-800-89 (NP)" ശീർഷകത്തിലുള്ള തുക മാറി നൽകുന്നത്- ജില്ലാ /ബ്ളോക്ക് പഞ്ചായത്തുകളുടെ തുകകൾ പരസ്പരം മാറിയത് - തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം.463/14/തസ്വഭവ തിരുവനന്തപുരം, തീയതി :19/02/2014.**

---

**പരാമർശം - 1. 04/12/2013 ലെ സ.ഉ.(സാധാ) നം. 2984/13/തസ്വഭവ**
**2.നഗരകാര്യ ഡയറക്ടറുടെ 04/02/2014 - ലെ 23688/JRY1/13 സിആർഡി നമ്പർ കത്ത്.**

**<u>ഉത്തരവ്</u>**

ഇ.എം.എസ് ഭവനപദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ "2216-80-800-(NP)" എന്ന ശീർഷകത്തിലുള്ള 40,00,00,000/-(നാൽപതുകോടി) രൂപ ഗ്രാമ/ബ്ളോക്ക്/ ജില്ലാപഞ്ചായത്തുകൾക്കും നഗരസഭ/കോർപ്പറേഷനുകൾക്കും മാറി നല്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ബ്ളോക്ക് പഞ്ചായത്തുകൾക്ക് 31/03/2013 വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 1,89,61,805/- (ഒരു കോടി എൺപത്തിയൊമ്പത് ലക്ഷത്തി അറുപത്തിയൊന്നായിരത്തി എണ്ണൂറ്റിയഞ്ച് ) രൂപയും, ജില്ലാ പഞ്ചായത്ത് തലത്തിൽ 31/03/2013 വരെ ബാധ്യതയായ 2,20,80,756/- (രണ്ട് കോടി ഇരുപതുലക്ഷത്തി എൺപതിനായിരത്തി എഴുനൂറ്റി അൻപത്തിയാറ്) രൂപയും മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം,പ്രസ്തുത തുകകൾ തമ്മിൽ പരസ്പരം മാറിപ്പോയതായും ആയത് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകൾക്ക് 31/03/2013 വരെ ബാദ്ധ്യതയായ 1,89,61,805/- (ഒരു കോടി എൺപത്തിയൊമ്പത് ലക്ഷത്തി അറുപത്തിയൊന്നായിരത്തി എണ്ണൂറ്റിയഞ്ച് ) രൂപയും, ബ്ളോക്ക് പഞ്ചായത്തുകൾക്ക് 31/03/2013 വരെ ബാദ്ധ്യതയായ 2,20,80,756/- (രണ്ട് കോടി ഇരുപതുലക്ഷത്തി എൺപതിനായിരത്തി എഴുനൂറ്റി അൻപത്തിയാറ്) രൂപയിൽ 62,66,608/-

(അറുപത്തിരണ്ട് ലക്ഷത്തി അറുപത്തിയാറായിരത്തി അറുനൂറ്റിയെട്ട്) രൂപയും മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി പരാമർശം ഒന്നിലെ ഉത്തരവ് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(സി. വത്സല)

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ധനകാര്യ (ഡെവ. വിംഗ്) വകുപ്പ് (05.11.2013-ലെ 80207/ഡെവ.2/13/ധന അനൗ. ഫയൽ പ്രകാരം)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 04/12/2013 -ലെ സ.ഉ(സാ)നം. 2984/13 ത.സ്വ.ഭ.വ തീർപ്പ് ഫയലിലേക്ക്